



## Josey Thamarassery CMI, Vicar General

### Introduction before the Funeral Holy Mass (Bharathamatha, Palakkad, 1 June 2021)

"കാപട്യമെന്നിയേ ഞാൻ ജ്ഞാനമഭ്യസിച്ചു; വൈമനസ്യമെന്നിയേ അത് പങ്കുവച്ചു; അത് മനുഷ്യർക്ക് അക്ഷയനിധിയാണ്. ജ്ഞാനം സിദ്ധിച്ചവർ ദൈവത്തിൻെറ സൗഹൃദം നേടുന്നു" (ജ്ഞാനം 6:13–14).

ജീവിച്ച കാലമൊക്കെയും കർത്താവിനു സ്വന്തമായി ജീവിച്ചു. തന്നെ സമീപിച്ചവർക്കും താൻ കണ്ടുമുട്ടിയവർക്കും, സ്വയം അനുഭവിച്ചറിഞ്ഞ കർത്താവിനെ സൗഹൃദം പകർന്നു നൽകിക്കൊണ്ട് വചനം പറഞ്ഞുവക്കുന്നതു പോലെ ജ്ഞാന–ഭക്തി–കർമ്മ മാർഗ്ഗങ്ങളെ സമന്വയിപ്പിച്ചു ജീവിച്ച ബഹുമാനപ്പെട്ട ഫ്രാൻസീസ് വിനീത് വടക്കേത്തല അച്ചൻ നമ്മിൽ നിന്ന് യാത്രയായി. ഈ അവസരത്തിൽ കോയമ്പത്തൂർ പ്രവിശ്യയോടും, വടക്കേത്തല കുടുംബാംഗങ്ങളോടുമുള്ള സി.എം.ഐ. സഭയുടെ അനുശോചനങ്ങളും പ്രാർത്ഥനകളും പ്രത്യേകമായി അറിയിക്കുന്നു. അറിവിനെ അതിലംഘിക്കുന്ന ജ്ഞാനസാധന കൊണ്ടും, പാണ്ഡിത്യം കൊണ്ടും, ലളിതമായ ജീവിത മാതൃക കൊണ്ടും സി.എം.ഐ. സഭക്കും അതിലുപരിയായി കത്തോലിക്കാ തിരുസഭക്കും, പൊതുസമൂഹത്തിനും വളരെയേറെ സംഭാവന നൽകിയ ഒരു പുണ്യചരിതൻ. ഈ ലോക ജീവിതത്തിൽ സ്നേഹം കൊണ്ടും വാത്സല്യം കൊണ്ടും ജ്ഞാനം കൊണ്ടും ധാരാളം വൈദികവിദ്യാർത്ഥികളെയും വൈദികരെയും സന്യസ്തരേയും അദ്ദേഹം രൂപപ്പെടുത്തി. താൻ അഭ്യസിച്ച ജ്ഞാനവും, താൻ പഠിച്ചറിഞ്ഞു മനസ്സിലാക്കിയ തത്വശാസ്ത്രവും ദൈവശാസ്ത്രവും, നമ്മുടെ സംസ്കാരത്തിനും ഭാഷക്കും ജീവിതശൈലികൾക്കും ഇണങ്ങുന്ന രീതിയിൽ കലർപ്പുകളില്ലാതെ പകർന്നു നൽകിയ ഒരു ആചാര്യനായിരുന്നു ബഹുമാനപ്പെട്ട വിനീതച്ചൻ.

കാലഘട്ടത്തിൻെറ അടയാളങ്ങളും പ്രചോദനങ്ങളും തിരിച്ചറിഞ്ഞ്, വൈദികവിദ്യാർത്ഥികളെ മനസ്സിലാക്കുവാനും അവരെ ആത്മീയമായും ബൗദ്ധികമായും ആശ്രമ–സന്യാസ മൂല്യങ്ങളിൽ വളർത്തിയെടുക്കുവാനും ബഹുമാനപ്പെട്ട വിനീതച്ചൻ സമയം കണ്ടെത്തി. ദൈവഹിതത്തിനും ദൈവികനിമന്ത്രണങ്ങൾക്കും തന്നെ തന്നെ സമർപ്പിച്ചു, ഈ ലോകത്തിൽ ജീവിച്ച കാലമൊക്കെയും സങ്കീർത്തകൻ സ്വപ്നം കണ്ടത് പോലെ, 'നീർച്ചാലിനരികെ നട്ടതും യഥാകാലം ഫലം തരുന്നതുമായ ഇലകൊഴിയാത്ത വൃക്ഷം പോലെയാണ് അവൻ' (സങ്കീ 1:3).

കൂടെ ജീവിച്ചവർക്കും ഒപ്പം സഞ്ചരിച്ചവർക്കും അദ്ദേഹം ഒരു നന്മരമായിരുന്നു. നലം തികഞ്ഞ തത്വശാസ്ത്ര പണ്ഡിതനായും, സ്നേഹവും വാത്സല്യവും പകരുന്ന ഒരു ഗുരുഭൂതനായും, അറിവിനെ അതിലംഘിക്കുന്ന ജ്ഞാനസാധനകൊണ്ട് അനേകരുടെ ഹൃദയങ്ങളെ തൊട്ടറിഞ്ഞ അധ്യാപകനായും, ദൈവത്തിനും ദൈവജനത്തിനും വെളിച്ചം വീശുന്ന വിശുദ്ധ സന്യാസ പുരോഹിതനായും, എല്ലാറ്റിനുമുപരി തന്നെ വിളിച്ച് മാറോടു ചേർത്ത് സ്വന്തമാക്കിയവന് വ്യവസ്ഥകളില്ലാതെ ഹൃദയം പകുത്തുനൽകുന്ന സ്നേഹഭാജനമായും, നമ്മുടെ പ്രിയപ്പെട്ട വിനീതച്ചൻ നിത്യതയുടെ യാത്ര ആരംഭിക്കുന്നു.



വിനീതച്ചനാകുന്ന ഈ സ്നേഹസാന്നിധ്യത്തെ നാം പ്രാർത്ഥനയോടെ യാത്രയാക്കുമ്പോൾ, നമുക്ക് അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കാം ഒപ്പം നമ്മുടെ പ്രാർത്ഥനകൾ അദ്ദേഹം വഴി ദൈവ തിരുമുമ്പിൽ സമർപ്പിക്കാം. ജീവിതമാതൃകകൊണ്ടും അറിവു കൊണ്ടും പഠനംകൊണ്ടും രാപകലില്ലാത്ത അദ്ധ്വാനം കൊണ്ടും സി.എം.ഐ. സഭയെ വളർത്തിയ ഈ വന്ദ്യ ഗുരുവിനോടുള്ള സി.എം.ഐ. സഭയുടെ നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് കൃതജ്ഞതയുടെ ഈ ബലി ഒന്ന് ചേർന്ന് നമുക്കർപ്പിക്കാം.



## Paul Thekkiniyath CMI, Councillor

From the Introduction to the Funeral Ceremony
(Bharathamatha, Palakkad, 1 June 2021)

### കർമ്മലീത്താ യോഗീവര്യനായ വിനീതച്ചൻ...

ഉത്തമനായ ആചാര്യൻ, വിശ്വസ്തനായ ഭൃത്യൻ, ജ്ഞാനത്തിന്റെ നിറവ്, നിലപാടുകളുടെ അപ്പസ്തോലൻ, തത്വങ്ങൾക്ക് ജീവനും ഊർജ്ജസ്വലതയും പകർന്നവൻ, സ്വദേശത്തിലേയും വിദേശത്തിലേയും പ്രസിദ്ധനായ പണ്ഡിതൻ, ഭാരതീയ ദർശനങ്ങളുടെയും വിചിന്തനങ്ങളുടെയൂം ഉടലും ആത്മാവും, ആഗോള കത്തോലിക്കാ സഭയുടെ തുടിപ്പും എടുപ്പും, ചാരുതയും ചടുലതയും കൊണ്ട് ജീവിതത്തെ ആസ്വദിച്ച്, ആസ്വാദനമാക്കിയ, ഈശോയുടെ തിരുഹൃദയത്തിനനുയോജ്യമായി സഹവർത്തികളോടും സഹജീവികളോടും കരുതലോടും കരുണയോടും കൂടി വർത്തിച്ച സ്നേഹരൂപനായിരുന്നു, ദാനധർമ്മിയായിരുന്ന വിനീതനായ വിനീതച്ചൻ.

86 വർഷത്തെ പുണ്യജീവിതം, സുകൃതജീവിതം, പറന്നുയർന്നു... ആവലാതികളോ, വേവലാതികളോ ഇല്ലാതെ, മനസ്സാ–വാചാ–കർമ്മണാ ദൈവഹിതം മാത്രം അന്വേഷിച്ചു നടന്ന ഒരു സാർത്ഥകന്റെ വിരാമം... ഭാരതീയ ദർശനത്തിൽ സന്യാസ ജീവിതത്തിന്റെ ഉദാത്ത മാതൃക... സാന്നിധ്യം കൊണ്ടും ജ്ഞാനംകൊണ്ടും നമ്മെയൊക്കെ ഉണർത്തി ഉണർവേകി, ഉന്നതിയിലേക്ക് ഉയർത്തിയ, നമ്മുടെ വിനീതച്ചൻ, ഉയിർപ്പിന്റെ മഹത്വം നുകരാൻ, ഉടയോനെ ഉറ്റുനോക്കുവാൻ ഉറ്റമിത്രമായ് ഇഷ്ടതോഴനായ ദൈവപിതാവിനരികേ...

ജീവിതമാകുന്ന യാഗവേദിയിൽ, സ്വയം പൂജാവസ്തുവായ്, കനലായ്, ജ്വാലയായ് കത്തിജ്വലിച്ച കർമ്മലയിലെ ഒരു കർമ്മലീത്ത യോഗീവര്യനായിരുന്നു വിനീതച്ചൻ.